# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുരിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)-1240/2021
തിയ്യതി.16.12.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)-1240/2021 തീയ്യതി: 16/02/2022
തിയ്യതി.16.12.2021

## തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 17-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ കെ.സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ
ശ്രീ.സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സരള വിക്രമൻ | പ്രസിഡന്റ് | 01-04-2019 | 11-12-2019 |
| ശ്രീമതി.സരിത സുരേഷ് | പ്രസിഡന്റ് | 11-12-2019 | 31-03-2020 |
| ശ്രീമതി.ശാലിനി.എം | സെക്രട്ടറി | 01-04-2019 | 24-04-2019 |
| ശ്രീ.സജീവ്കുമാർ കെ.ബി | സെക്രട്ടറി | 25-04-2019 | 06-05-2019 |
| ശ്രീമതി.ശാലിനി.എം | സെക്രട്ടറി | 07-05-2019 | 06-06-2019 |
| ശ്രീ.സജീവ്കുമാർ കെ.ബി | സെക്രട്ടറി | 07-06-2019 | 08-07-2019 |
| ശ്രീമതി.ശാലിനി.എം | സെക്രട്ടറി | 09-07-2019 | 10-07-2019 |
| ശ്രീ.പ്രജീഷ്.പി | സെക്രട്ടറി | 11-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശാലിനി എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| നീലൂഫർ എം.ബാനു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| രാധിക കെ. ഒ | കൃഷി ഓഫിസർ | 01-04-2019 | 31-03-2020 |
| സിനി. എൻ.കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രദീപ് സി.എ. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ഷീജ.സിയു. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ദീപ പി.ഡി. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.സിനി രമ്യ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| അനില ടി. തെയ്യശ്ശഞ്ചേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീകല ടി.എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| മനേഷ് സി കെ | വി ഇ ഒ പുല്ലൂർ സർക്കിൾ | 01-04-2019 | 25-09-2019 |
| കൃഷ്ണകുമാർ | വി ഇ ഒ പുല്ലൂർ സർക്കിൾ | 26-09-2019 | 31-03-2020 |
| അൽജോ സി ചെറിയാൻ | വി ഇ ഒ മുരിയാട് സർക്കിൾ | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 14-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Dhanya.A (Auditor, On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Dhanya.A (Auditor, On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 15-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 17-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Siju P. Damson (Asst. Audit Officer, On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 17-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-10 |
| 11 | വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-11 |
| 12 | വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-12 |
| 13 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-13 |
| 14 | വസ്തു നികുതി (റെസിഡൻഷ്യൽ -കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-14 |
| 15 | വസ്തു നികുതി (നോൺ-റെസിഡൻഷ്യൽ-കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-15 |

| | | |
|---|---|---|
| 16 | ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-16 |
| 17 | വസ്തു നികുതി മുൻകുർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-17 |
| 18 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-18 |
| 19 | വസ്തുനികുതി -ഇല്ലാത്ത മുൻകുർ ക്രമീകരിച്ചു<br>Written By: SunilKumar K C (Asst. Audit Officer, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-19 |
| 20 | വസ്തുനികുതി (തൻവർഷം) നോൺ റസിഡൻഷ്യൽ മുൻകുർ തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു<br>Written By: SunilKumar K C (Asst. Audit Officer, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-20 |
| 21 | വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-21 |
| 22 | ഡി & ഒ ലൈസൻസ്- മുൻകുർ ലഭിച്ച തുക രജിസ്റ്ററിൽ ചേർത്ത് അക്കൌണ്ട്സുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-22 |
| 23 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-24 |
| 25 | എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ച തുകകൾക്കും ആധികാരികമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: SunilKumar K C (Asst. Audit Officer, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-25 |
| 26 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു.<br>Written By: SunilKumar K C (Asst. Audit Officer, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-26 |
| 27 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-27 |
| 28 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-28 |
| 29 | തൊഴിലുറപ്പ്പദ്ധതി - വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-29 |
| 30 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ - തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് | 1-30 |

| | | |
|---|---|---|
| | ഇല്ല - അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | |
| 31 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകൾ - ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പിന് തത്തുല്യമായ ബാധ്യത ശീർഷകം ഇല്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-31 |
| 32 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ - തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-32 |
| 33 | 1242 രൂപയുടെ ചെക്ക് നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.<br>Written By: Dhanya.A (Auditor, On 07-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-33 |
| 34 | ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Sijo Thomas (Auditor, On 11-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-34 |
| 35 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Dhanya.A (Auditor, On 17-08-2021)<br>Last Updated By: Dhanya.A (Auditor, On 17-08-2021) | 1-35 |
| 36 | തൊഴിൽ നികുതി അപാകതകൾ.<br>Written By: Sijo Thomas (Auditor, On 22-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-36 |
| 37 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.<br>Written By: Sijo Thomas (Auditor, On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-37 |
| 38 | വാടക അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.<br>Written By: Dhanya.A (Auditor, On 11-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-38 |
| 39 | ലേലം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Dhanya.A (Auditor, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-39 |
| 40 | ബാലസഭ പ്രവർത്തനങ്ങൾ.<br>Written By: Dhanya.A (Auditor, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-40 |
| 41 | തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്ത ഇടപാടുകൾ.<br>Written By: SunilKumar K C (Asst. Audit Officer, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-41 |
| 42 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് കൃത്യമല്ല.<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-42 |
| 43 | സാങ്കേതികാനുമതി ഇല്ലാതെയും കരാർ വയ്ക്കാതെയും കൈപ്പറ്റ് രസീത് ഇല്ലാതെയും വാട്ടർ അതോറിറ്റിക്ക് 400000 രൂപ നല്കി - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-43 |
| 44 | എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, കരാർ, കൈപ്പറ്റ് രസീത് ഇല്ലാതെ കെ എസ് ഇ ബി ക്ക് തുക കൈമാറി - 268534 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-44 |

| | | |
|---|---|---|
| 45 | ഗ്രൌണ്ട് വാട്ടർ അതോറിറ്റി - സാങ്കേതികാനുമതി ഇല്ല, കരാർ ഇല്ലാതെ ഡെപ്പോസിറ്റ് പ്രവൃത്തിക്ക് മുൻകൂർ - പണി പൂർത്തീകരിച്ച് തുക ക്രമീകരിക്കുന്നത് വരെ 5,70,000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-45 |
| 46 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - കെൽട്രോണിൽ നിന്ന് 2 പ്രിന്ററുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. 29452 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-46 |
| 47 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി - ജി എസ് ടി കോമ്പൻസേഷൻ 22,806 രൂപ ഈടാക്കി കരാറുകാരന് നല്കി - കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-47 |
| 48 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 325299രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-48 |
| 49 | ലൈഫ് വായ്പ പദ്ധതി - ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി.<br>Written By: Siju P. Damson (Asst. Audit Officer, On 24-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-49 |
| 50 | പാലിയേറ്റീവ് കെയർ 7296 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 24-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-50 |
| 51 | മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് സമിതികൾക്ക് കൈമാറിയ തുകയ്ക്ക് ചെലവു രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Bita.T.S (Audit Officer (HG), On 24-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-51 |
| 52 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത).<br>Written By: SunilKumar K C (Asst. Audit Officer, On 24-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-52 |
| 53 | എ ബി സി പ്രോഗ്രാമിന് തുക നല്കൽ.<br>Written By: SunilKumar K C (Asst. Audit Officer, On 24-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 1-53 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം (തൻ വർഷ ചെലവുകൾ)<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻ വർഷ ചെലവുകൾ)<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം.<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 15-08-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 09-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 20-01-2022) | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 09-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 20.2.2019, 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 359146961 | 352962625 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 24.02.2020, 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 358274136 | 355666851 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 14-07-2020 |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,55,79,858 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,39,63,143 |
| ആകെ | 9,95,43,001 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,09,16,243 |
| നീക്കിയിരിപ്പ് | 2,86,26,758 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13046147 | 13046147 | 10666348 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12741471 | 12741471 | 11020652 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 135000 | 135000 | 135000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 10875681 | 10875681 | 8224538 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11976000 | 11976000 | 7523702 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 4129000 | 4129000 | 3550188 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | | | |
|---|---|---|---|---|---|---|
| 207 | 102479880 | 129 | 54084445 | 72 | 6 | 52.77 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 45674 | 1336136.93 | 1336136.93 | 1336136.93 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11758459 | 11758459 | 11758459 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69120 | 96 |
| കർഷകതൊഴിലാളി പെൻഷൻ | 2806200 | 1112 |
| വിധവാ പെൻഷൻ | 7477200 | 3218 |
| വാർദ്ധക്യകാല പെൻഷൻ | 11781300 | 6256 |
| വികലാംഗ പെൻഷൻ | 2040600 | 879 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 661800 | 519 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-08-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9407/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ക്രമ.നം 1-11 മുതൽ 1-35 വരെയുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്ന വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധരജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

2. പഞ്ചായത്തിൽ നിലവിലുള്ള സ്വാശ്രയ കുടിവെള്ള/ജലസേചന പദ്ധതികളുടെ വിവരങ്ങൾ സമാഹരിച്ച് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-01-2021 മുതൽ 29-01-2021 വരെ | 04/2020 മുതൽ 12/2020 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-07-2015 | 2010-11 മുതൽ 2014-15 വരെ | 10-09-2015 |

## 1-11 വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരിക്കുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-12 വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3173478 | 2986348 | 38163 | 152275 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3174769 | 2987136 | 35275 | *152275 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(162223/105X100) = 154498 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2209914 | 1976330 | 12438 | 225576 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2210988 | 1975315 | 9050 | *225576 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | (350410101-Advance | *(238753/105X100) = 227383 |

| | | | | |
|---|---|---|---|---|
| | അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | Collection-PT On Res Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി (റെസിഡൻഷ്യൽ -കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 61665 | 48232 | 13459 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *45288 | 50999 | **13459 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (15160+32393/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (15403/105X100) = 14669 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 വസ്തു നികുതി (നോൺ-റെസിഡൻഷ്യൽ-കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 150132 | 40483 | 109652 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *121303 | 40483 | **109652 |
| | (2018-19 ലെ | (റസീറ്റ് & | **(115142/105X100) = |

| | | | |
|---|---|---|---|
| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(26289+101080/105*100) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 109659, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം + കടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കടിശ്ശിക | ആകെ | തൻവർഷം | കടിശ്ശിക | ആകെ | | | തൻവർഷം | കടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 161521 | 3137 | 164658 | 151712 | 2427 | 154139 | 2146 | | 666 | 743 | 1412 |
| | നോൺ-റെസിഡൻഷ്യൽ | 110900 | 7519 | 118419 | 99158 | 2026 | 101184 | 640 | | 11319 | 5490 | 16815 |
| | ആകെ | | | 283077 | | | 255323 | 2786 | 255451 | 25312 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 283574 | | | 255451 | | | | 255451 | 26754 | | |
| | | 8396+275178=(2018-19 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. ഡിമാന്റ്, കളക്ഷൻ, എന്നിവ പൊരുത്തപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 255451 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 255323 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്തിരിക്കുന്നത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല .

## 1-17 വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | സഞ്ചയ സോഫ്റ്റ്‌വെയർ |
|---|---|---|---|

| | | പ്രകാരമുള്ള തുകകൾ | പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 6847 | 308198 |
| 2 | 350410103-Advance Collection Of Revenues -Property Tax On Non-Residential Building | 4028 | 49206 |

## 1-18 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

1/4/19 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിൽ 291 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം (07/01/20, 31/03/20 എന്നീ തീയ്യതികളിൽ ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 വസ്തുനികുതി -ഇല്ലാത്ത മുൻകൂർ ക്രമീകരിച്ചു

2018-19 വർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തു നികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30.03.2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. Prior Period Items എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. കൃഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനയ്ക്ക് ആധികാരികമായ വൌച്ചറുകളോ, മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 19073 | 35275 |
| 2 | 350410103-Advance Collection Of Revenues -Property Tax On Non-Residential Building | 1965 | 9050 |

## 1-20 വസ്തുനികുതി (തൻവർഷം) നോൺ റസിഡൻഷ്യൽ മുൻകൂർ തുക സാങ്കല്പികമായി

## വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി നോൺ റസിഡൻഷ്യൽ അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചതിൽ 11653 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായോ ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതാണ് എന്നും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900317 | 31.3.2020 | 2063 |

## 1-21 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ
4. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
5. ന്യൂ ബിൽഡിംഗ് രജിസ്റ്റർ

## 1-22 ഡി & ഒ ലൈസൻസ്- മുൻകൂർ ലഭിച്ച തുക രജിസ്റ്ററിൽ ചേർത്ത് അക്കൌണ്ട്സുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്ക് രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 105000 |

## 1-23 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-25 എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ച തുകകൾക്കും ആധികാരികമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ

കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (22634) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (574409) |
| 280200201-licence Fees | (2750) |
| 280600401-Recovery Of Unutilised Grants To Government | 175908 |
| 280800301-Operations And Maintenance | (9596) |

## 1-26 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-27 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3046900 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019 -20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7292486 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-28 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 5827428 രൂപ ഡിപ്രീയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. 31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം വാഹനം എന്ന ആസ്തിയ്ക്ക് 656498 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020 ലെ Accumalated Depreciation 707089 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2020-21 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-29 തൊഴിലുറപ്പ്പദ്ധതി - വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് -ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| ഭരണ ചെലവ് | 1336136.93 |
| തൊഴിലുറപ്പ് കൂലിച്ചെലവ് | 11758459 |
| ആകെ റവന്യൂ ചെലവ് | 13094595.93 |

എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) പ്രകാരം വരുമാനവും ചെലവും ആയി ചേർത്തിരിക്കുന്നത് 12945088 രൂപയാണ്.

## 1-30 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ - തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് ഇല്ല - അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,

ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100121 | Centrally Sponsored Scheme-ICDS | 457501 | ഇല്ല | | |
| 2 | 320300309 | Literacy Scheme Grant | 1858 | | | |
| 3. | 320200322 | Grants From Suchithwa Mission | 291937 | | | |
| 4 | 320300103 | Grant- Total Sanitation | 820969 | | | |
| 5 | 320300199 | Grant- Other Government Agencies | 31980 | | | |
| 6 | 320700105 | Contribution For Joint Venture Projects (Capital Expenditure)- District Panchayath | 1000000 | | | |
| 7 | 320700204 | Contribution For Joint Venture Projects (Revenue Expenditure)- Block Panchayath | 1438784 | | | |
| 8 | 320700205 | Contribution For Joint Venture Projects (Revenue Expenditure)- District Panchayath | 350000 | | | |
| 9 | 320800101 | Beneficiary Contributions | 4547 | | | |

## 1-31 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകൾ - ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പിന് തത്തുല്യമായ ബാധ്യത ശീർഷകം ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450410104 | SBI-Pension | 9489 |
| 2 | 450630101 | SCB- Swabhiman | 329230 |

## 1-32 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ - തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution"എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത് (61731299 രൂപ). വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution"എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-33 1242 രൂപയുടെ ചെക്ക് നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൌണ്ടിന്റെ 31.03.20 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 2.02.19 ന് നിക്ഷേപിച്ച 1242 രൂപ "Cheques Deposited But Not Credited"ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ചെക്ക് നിക്ഷേപിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും തുക ക്രെഡിറ്റ് ചെയ്തിട്ടില്ല. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 4500 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-35 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നുണ്ടെങ്കിലും വരവും തിരിച്ചടവും റസീറ്റ് & പേയ്മെന്റ് അക്കൌണ്ടുമായോ ലാപ്സായ തുക ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടുമായോ പൊരുത്തപ്പെടുന്നില്ല.

## 1-36 തൊഴിൽ നികുതി അപാകതകൾ.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. 2019-20 സാമ്പത്തിക വർഷത്തിൽ 416 സ്ഥാപനങ്ങൾ ഫാക്ടറി –വ്യാപാര ലൈസൻസ് അടവാക്കിയതായി ഡി & ഒ ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപന / വ്യാപാരി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം 300 സ്ഥാപനങ്ങളിൽ നിന്നുമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.25/19-20,20-21 തീയതി:17.08.2021) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങൾ/വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
2. തൊഴിൽ നികുതി അടയ്ക്കുന്നതിനായി സ്ഥാപന മേധാവി/ ഉടമ സമർപ്പിക്കുന്ന റിട്ടേണുകളിൽ ചിലതിൽ അടിസ്ഥാന ശമ്പളം അല്ലെങ്കിൽ ആറു മാസത്തെ ശമ്പളം രേഖപ്പെടുത്താതെ നികുതി മൂല്യം മാത്രം രേഖപ്പെടുത്തി സമർപ്പിക്കുന്നതായി കാണുന്നു. ഇത്തരം സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഏത് മാനദണ്ഡമനുസരിച്ചാണ് കണക്കാക്കിയത് എന്നതിൽ വ്യക്തതയില്ല. ആയതിനാൽ സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന റിട്ടേണുകൾ പൂർണ്ണമായും പൂരിപ്പിച്ചതാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. ട്രേഡേഴ്സ് ലിസ്റ്റ് വാർഡുകളായി തിരിച്ച് തയ്യാറാക്കിയിട്ടില്ല. ആയത് ശ്രദ്ധിക്കേണ്ടതാണ്.

## 1-37 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.

സ.ഉ(കൈ)നം.106/17/തസ്വഭവ തീയതി.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം ഇളവിന് അർഹതപ്പെട്ടവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്നവരിൽ തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ നികുതി ഇളവിന് അർഹതയുള്ളൂ. കൂടാതെ ഇളവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
2019-20 സാമ്പത്തികവർഷത്തിൽ ആകെ 76 വിമുക്ത ഭടന്മാർക്ക്/ അവരുടെ ഭാര്യമാർക്ക് വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ആകെ 53 അപേക്ഷകൾ മാത്രം ലഭിക്കുകയും, സ്റ്റാൻഡിംഗ് കമ്മിറ്റി ആകെ 26 അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുമുണ്ട്. ആയതിനാൽ അപേക്ഷ സമർപ്പിക്കാത്തവർക്കും, സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം ലഭിക്കാത്തവർക്കും ഇളവ് നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.30/19-20 തീയതി:17.08.2021 ) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 വാടക അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1) വനിതാ വ്യവസായ കേന്ദ്രത്തിലെ 7/438 എ, 7/438 സി നമ്പർ മുറികൾ വാടകയ്ക്കു നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ വിളിച്ച (8000 രൂപ) ശ്രീമതി. വിജി എം വി യുടെ ക്വട്ടേഷൻ 13.11.2018 തിയതിയിലെ 59/1 നമ്പർ തീരുമാന പ്രകാരം

അംഗീകരിച്ചിട്ടുണ്ട്. ലേലം/ക്വട്ടേഷൻ നിബന്ധനകൾ പ്രകാരമുള്ള 5% വാർഷിക വർദ്ധനവ് ഏർപ്പെടുത്താതെ 8000 രൂപ തന്നെയാണ് ടിയാരിയിൽ നിന്നും മാസ വാടക 2019-20, 2020-21 വർഷങ്ങളിൽ ഈടാക്കിയിട്ടുള്ളത്. 13.01.2020 ന് ശ്രീമതി. വിജി എം വി മുറികൾ പഞ്ചായത്തിന് വിട്ടു നൽകുന്നതിന് അപേക്ഷ സമർപ്പിക്കുകയും 16.03.2020 ന് ലേലം റദ്ദ് ചെയ്യാതെ മുറികൾ തിരിച്ച് നൽകണമെന്ന് വീണ്ടും അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. കരാർ പുതുക്കി നൽകുന്നതിനാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്. 22.06.20 തിയതിയിലെ 40/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 2020-21 വർഷത്തേയ്ക്ക് വാടക വർദ്ധനവില്ലാതെ കരാർ പുതുക്കി നൽകുന്നതിന് തീരുമാനമെടുത്തു. എന്നാൽ മറ്റു വാടകക്കാരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിൽ വാടക ഈടാക്കിയിട്ടുണ്ട്.

2) 2019-20 സാമ്പത്തിക വർഷത്തിൽ വാടകക്കാരിൽ നിന്നും GST ഈടാക്കിയിട്ടില്ല.
വാടകയുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നമ്പർ 4/11.08.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.
പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-39 ലേലം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1) വിവിധ മരാമത്ത് പ്രവൃത്തികൾക്കായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. കമ്മിറ്റി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കമ്മിറ്റി തീരുമാനം നമ്പർ | പ്രവൃത്തി | മണ്ണിന്റെ അളവ് |
|---|---|---|---|
| 1 | 23.11.2019ലെ 12/1 | ഫാംവാലി റോഡ് ഐറിഷ് കാന നിർമ്മാണം | 17.33m3 |
| 2 | 23.11.19 ലെ 12/2 | കപ്പേള പാലക്കുഴി റോഡ് കാന നിർമ്മാണം | - |
| 3 | 23.11.19 ലെ 12/3 | കുനൻമൂല- ആൾച്ചിറപ്പാടം റോഡ് നിർമ്മാണം, | 25m3 |
| 4 | 23.11.19 ലെ 12/7 | ആനരുളി-പുളിഞ്ചോട് ഐറിഷ് കാന നിർമ്മാണം | 56m3 |
| 5 | 20.01.20 ലെ 19/1 | മണ്ണ് പുനർലേലം | |
| 6 | 4.02.20 ലെ 32/1 | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കാന നിർമ്മിക്കുന്നതിനായി റോഡിൻറെ വശങ്ങളിൽ നിന്നും മാറ്റിയ മണ്ണ് | - |

2) ലേല നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനമെടുത്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) ഗവ.ആയുർവേദ ഡിസ്പെൻസറി കോമ്പൗണ്ടിലെ ഇലവ് മരം വാല്യേഷൻ തുകയായ 6410 രൂപയേക്കാൾ കൂടിയ തുകയ്ക്ക് പരസ്യലേലം ചെയ്യുന്നതിന് 12.06.2019 ലെ 11/1 നമ്പർ പ്രകാരം കമ്മിറ്റി തീരുമാനമെടുത്തിരുന്നു.

B) 14.08.19 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാനപ്രകാരം വാർഡ് 19 ലെ 88-ാം നമ്പർ അംഗൻവാടി പരിസരത്ത് നിൽക്കുന്ന മരം മുറിക്കുന്നതിനും സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്നും വാല്യേഷൻ ലഭ്യമാക്കുന്നതിനും ആയതിനു ശേഷം ലേല നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമെടുത്തിരുന്നു.

മേൽ തീരുമാനങ്ങൾ പ്രകാരം ലേല നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നമ്പർ 29/17.08.21 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലേലം നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 ബാലസഭ പ്രവർത്തനങ്ങൾ.

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്സ്, ജിയുപിഎസ് ആനന്ദപുരം
പ്രൊജക്ട് നമ്പർ –76/20 പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം 15980 രൂപ ചെലവഴിച്ചിട്ടുണ്ട്. കുട്ടികൾക്ക് പേപ്പർ പേന പരിശീലനം നൽകിയതിന് Entrepreneurship Devolopment Society തൃശ്ശൂരിനു 6000 രൂപയും വിജ്ഞാൻ സാഗർ സന്ദർശനത്തിനു കൊണ്ടുപോയതിന് കുടുംബശ്രീ സി.ഡി.എസിനു 9980 രൂപയും ബിൽ നമ്പർ 6/19-20 പ്രകാരം നൽകിയിട്ടുണ്ട്. Entrepreneurship Devolopment Society ഹാജരാക്കിയ Expenditure Statementൽ പേപ്പർ പേന പരിശീലനം നൽകിയതിന് പരിശീലകനുള്ള റെമ്യൂണറേഷൻ ഇനത്തിൽ 2000 രൂപ ചെലവഴിച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നമ്പർ 14/16.08.21) ചെലവു രേഖ ലഭ്യമാക്കേണ്ടതാണ്.

## 1-41 തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്ത ഇടപാടുകൾ.

സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ ആ സ്ഥാപനത്തിന്റെ ആ വർഷത്തെ പ്രവർത്തനങ്ങൾ, പ്രവർത്തന ഫലം, വർഷാന്ത്യ ധനകാര്യ സ്ഥിതി എന്നിവ വെളിവാക്കുന്നു. ധനകാര്യ ഇടപാടുകൾ കൃത്യമായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നെങ്കിൽ മാത്രമെ സ്ഥാപനത്തിന്റെ വാർഷികകണക്കുകൾ മേൽ പ്രകാരം സ്ഥാപനത്തിന്റെ സാമ്പത്തിക ചിത്രം കൃത്യമായി പ്രതിഫലിപ്പിക്കൂ. മുരിയാട്

ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ശീർഷകങ്ങൾ പരിശോധിച്ചതിൽ തെറ്റായി ബുക്ക് ചെയ്തതിനാൽ വാർഷികകണക്കിനെ ബാധിക്കുന്നതായി കണ്ടെത്തിയ രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം – സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | ഓഡിറ്റിന്റെ അഭിപ്രായം | നിർദ്ദേശിക്കുന്ന തുടർനടപടി |
|---|---|---|---|---|---|
| 82/20പുല്ലൂർ –ചേർപ്പക്കുന്ന് സാംസ്കാരിക നിലയം ഇലക്ട്രിഫിക്കേഷൻ/സെക്രട്ടറി | 21901342 | 3/10/19 | 111790 | ബുക്ക് ചെയ്തിരിക്കുന്ന ശീർഷകം "251300402 Electrification-SCP" ആണ്. എന്നാൽ ഇത് പഞ്ചായത്തിന്റെ കെട്ടിടം എന്ന ആസ്തിയിൽ വൈദ്യുതീകരണം നടത്തി ആയതിന്റെ സൗകര്യം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ആയതിനാൽ Building എന്ന ആസ്തി ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നത്. | 2021-22 സാമ്പത്തിക വർഷത്തിൽ "Building"എന്ന ആസ്തിക്ക് ഡെബിറ്റ് നല്കുകയും ഉചിതമായ "Prior Period Items"ലെ ശീർഷകത്തിന് ക്രെഡിറ്റ് നല്കുകയും ചെയ്തു കൊണ്ട് വാർഷികകണക്കിൽ ഉൾക്കൊള്ളിക്കുക. ആസ്തി രജിസ്റ്ററിൽ എൻട്രി രേഖപ്പെടുത്തുക. |
| MLA SDF –മുത്തേരിച്ചിറ പാലം റോഡ് | 21901650 | 31/3/20 | 679188 | റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്റ്റ്. എന്നാൽ "256100109 Local Area Development Fund For Members Of Legislative Assembly- Revenue Expenses" എന്ന ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തിരിക്കുന്നു. | 2021-22 സാമ്പത്തിക വർഷത്തിൽ "Roads"എന്ന ആസ്തിക്ക് ഡെബിറ്റ് നല്കുകയും ഉചിതമായ "Prior Period Items"ലെ ശീർഷകത്തിന് ക്രെഡിറ്റ് നല്കുകയും ചെയ്തുകൊണ്ട് വാർഷികകണക്കിൽ ഉൾക്കൊള്ളിക്കുക. ആസ്തി രജിസ്റ്ററിൽ എൻട്രി രേഖപ്പെടുത്തുക. |

(ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയിട്ടില്ല)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | ഓഡിറ്റിന്റെ അഭിപ്രായം | നിർദ്ദേശിക്കുന്ന തുടർനടപടി |
|---|---|---|---|---|---|
| 83/20- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 21901637 | 25/10/19 | 408654 | 251301102 – Special Programme For ST –TSP ഇത് പട്ടികവർഗ വിഭാഗത്തിനുള്ള പ്രോജക്റ്റ് അല്ല. ആയതിനാൽ ഈ ശീർഷകം ഉചിതമല്ല. | ഇല്ല |
| 70/20 – പട്ടിക വർഗ | 22001340 | 8/2/21 | 135000 | 251300101 – Housing General | ഇല്ല |

| | | | | | |
|---|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് പഠനമുറി | | | | ഇത് പൊതുവിഭാഗത്തിനുള്ള ഭവന നിർമാണ പ്രോജക്റ്റ് അല്ലാത്തതിനാൽ ഈ ശീർഷകം ഉചിതമല്ല. | |

(ഓഡിറ്റ് എൻക്വയറി 18 തീ. 16/8/2021, ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്)

## 1-42 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് കൃത്യമല്ല.

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് കൃത്യമല്ല. ഓരോ പ്രോജക്ടുകളുടെയും ചെലവ് രേഖകൾ അതാത് പ്രോജക്ടുകളുടൊപ്പം സൂക്ഷിക്കുന്ന രീതിയിൽ ഫയലുകൾ സൂക്ഷിക്കുന്നില്ല. ഇത് മൂലം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച പല പ്രോജക്ടുകളുടെയും ചെലവ് രേഖകൾ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. തനത് ഫണ്ടിൽ ഈ പ്രോജക്ടുകളുമായി ബന്ധപ്പെട്ട വൌച്ചറുകളുടെ വിശദാംശങ്ങളും സ്ഥാപനത്തിന് അറിയിക്കാൻ സാധിച്ചില്ല. ഇത് മൂലം പരിശോധിക്കാൻ സാധിക്കാത്ത ഇനങ്ങളുടെ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ISO നേടിയ മുരിയാട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ/ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട ശേഷം ഓരോ പേജുകളായോ അല്ലെങ്കിൽ മറ്റേതെങ്കിലും ഫയൽ കെട്ടുകളിൽ നിന്ന് എടുത്ത് ഹാജരാക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇത് ഒഴിവാക്കാവുന്നതാണ്. ജീവനക്കാരുടെ സ്ഥലം മാറ്റം, വിരമിക്കൽ എന്നിവ സ്ഥാപനത്തിന്റെ തുടർച്ചയേയും രേഖകളുടെ ലഭ്യതയേയും ബാധിക്കാത്ത രീതിയിൽ ഫയൽ സൂക്ഷിപ്പ് കൃത്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 5 തീയ്യതി 12/8/2021 മുഖേന ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി, മറുപടി ലഭിച്ചില്ല.)

## 1-43 സാങ്കേതികാനുമതി ഇല്ലാതെയും കരാർ വയ്ക്കാതെയും കൈപ്പറ്റ് രസീത് ഇല്ലാതെയും വാട്ടർ അതോറിറ്റിക്ക് 400000 രൂപ നല്കി - തുക തടസ്സപ്പെടുത്തുന്നു.

| ക്രമ.നം. | പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | ചെലവ് തുക |
|---|---|---|---|---|
| 1. | 85/20 -വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21901635 | 27/1/20 | 1,20,000 |
| | | 21901388 | 29/11/19 | 2,80,000 |

ഈ പ്രവൃത്തി നടപ്പാക്കുന്നതിന് സാങ്കേതികാനുമതി ഇല്ലാതെയും കരാർ വയ്ക്കാതെയും കൈപ്പറ്റ് രസീത് ഇല്ലാതെയും വാട്ടർ അതോറിറ്റി നല്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം തുക കൈമാറി. ഇത് സർക്കാർ ഉത്തരവ് (കൈ) 11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി (ii) ലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267, 2100 കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. കരാർ ഇല്ലാതെയും സാങ്കേതികാനുമതിയില്ലാതെയും ഡെപ്പോസിറ്റ് പ്രവൃത്തിക്ക് തുക നല്കിയതിനാൽ നിർവ്വഹണ ഏജൻസി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഈ മുൻകൂർ തുക കണക്കിൽ ക്രമീകരിക്കുന്നതുവരെ 4,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (എ1-1528/2020 തീ 29/6/21 നമ്പർ കത്ത് പ്രകാരം ഈ തുകയിൽ 2,77,922 രൂപ ചെലവഴിച്ചതായി വാട്ടർ അതോറിറ്റി ഡിവിഷൻ ഇരിങ്ങാലക്കുട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ള കത്തിന്റെ പകർപ്പ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുണ്ട്. തുക ചെലവഴിച്ചു എന്ന് കത്ത് മുഖേന അറിയിക്കുന്നത് പൂർത്തീകരണ സാക്ഷ്യപത്രം ആയി കണക്കാക്കാൻ സാധിക്കില്ല.)

## 1-44 എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, കരാർ, കൈപ്പറ്റ് രസീത് ഇല്ലാതെ കെ എസ് ഇ ബി ക്ക് തുക കൈമാറി - 268534 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | | | TS | എസ്റ്റിമേറ്റ് | കരാർ | രസീത് |
|---|---|---|---|---|---|---|---|
| 04/20-വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ നീട്ടൽ | 21901392 | 29/11/19 | 407694 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | 41900260 | 31/3/20 | 323772 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | 21901395 | 5/12/19 | 268534 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| | 21901636 | 31/3/20 | 411386 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, കരാർ, കൈപ്പറ്റ് രസീത് ഇല്ലാതെ മേൽപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ എസ് ഇ ബി ക്ക് തുക കൈമാറി. ഇത് സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി (ii) ലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. ഇതിൽ 268534 രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി ലഭ്യമാക്കിയിട്ടില്ല, ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. 268534 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ 268534 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 ഗ്രൌണ്ട് വാട്ടർ അതോറിറ്റി - സാങ്കേതികാനുമതി ഇല്ല, കരാർ ഇല്ലാതെ ഡെപ്പോസിറ്റ് പ്രവൃത്തിക്ക് മുൻകൂർ - പണി പൂർത്തീകരിച്ച് തുക ക്രമീകരിക്കുന്നത് വരെ 5,70,000 രൂപ തടസ്സപ്പെടുത്തുന്നു.

താഴെ ചേർത്തിരിക്കുന്ന കുടിവെള്ള പദ്ധതികൾ നിർമ്മിക്കുന്നതിനായി സാങ്കേതികാനുമതി, കരാർ എന്നിവയില്ലാതെയും കൈപ്പറ്റ് രസീത് ലഭ്യമാക്കാതെയും ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29.01.2018 ഖണ്ഡിക 11.2 ഡി (Ii) ലെ നിർദ്ദേശത്തിന് വിരുദ്ധമാണിത്.

നിർവ്വഹണം - സെക്രട്ടറി

| ക്രമ.നം. | പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | 95/20-മൂർത്തിപ്പറമ്പ് ചെറുകിട കുടിവെള്ള പദ്ധതി | 21901325 | 26/9/19 | 550000 | സാങ്കേതികാനുമതി ഇല്ല, കരാർ ഇല്ല. മുൻകൂർ തുക കൈമാറി.<br>1. ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുടെ ഡി.ജി.ടി /1077/19(എ)തീ 28/7/2021നമ്പർ കത്ത് പ്രകാരം ഇതിൽ 5,45,000 രൂപ വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. 5,45,000 രൂപ ക്രമീകരിച്ചത് കണക്കിൽ ചേർക്കേണ്ടതാണ്.<br>2. ബാക്കി 5,000 രൂപ ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് /ക്രമീകരിക്കേണ്ടതാണ്. |
| 2 | 97/20-തറയിലക്കാട് ചെറുകിട കുടിവെള്ള പദ്ധതി | 21901324 | 26/9/19 | 410000 | സാങ്കേതികാനുമതി ഇല്ല, കരാർ ഇല്ല. മുൻകൂർ തുക കൈമാറി<br>1. ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുടെ ഡി.ജി.ടി /1077/19(ബി)തീ 28/7/2021നമ്പർ കത്ത് പ്രകാരം ഇതിൽ 4,04,969 രൂപ വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. 4,04,969 രൂപ ക്രമീകരിച്ചത് കണക്കിൽ ചേർക്കേണ്ടതാണ്.<br>2. ബാക്കി 5031 രൂപ ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് /ക്രമീകരിക്കേണ്ടതാണ്. |
| 3. | 99/20-കാട്ട്പറമ്പ് ചെറുകിട കുടിവെള്ള പദ്ധതി | 21901323 | 26/9/19 | 570000 | സാങ്കേതികാനുമതി, കരാർ, കൈപ്പറ്റ് രസീത് എന്നിവ ഇല്ലാതെ തുക കൈമാറി.<br>പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ |

| | | | | | |
|---|---|---|---|---|---|
| | | | | | ഹാജരാക്കി തുക കണക്കിൽ ക്രമീകരിക്കുന്നതുവരെ 5,70,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |

ഇപ്രകാരം മുൻകൂർ നല്കിയ തുക ക്രമീകരിക്കുന്നത് വരെ 5,70,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറുമ്പോൾ സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29.01.2018 ഖണ്ഡിക 11.2 ഡി (ii) ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 5 തീ 12/8/2017 മറുപടി ലഭ്യമാക്കിയില്ല.)

## 1-46 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ - കെൽട്രോണിൽ നിന്ന് 2 പ്രിന്ററുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. 29452 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക | വിവരണം |
|---|---|---|---|---|
| 90/20 - ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ | 21900974 | 29/11/2019 | 109710 | ബിൽനമ്പർ ITP/10109-20-21 തീയ്യതി 17/2/21- 80258 രൂപ കെൽട്രോണിൽ നിന്ന് 2 കമ്പ്യൂട്ടറുകൾ ലഭിച്ചു. |

കെൽട്രോണിൽ നിന്നും 2 കമ്പ്യൂട്ടറുകൾ, 2 പ്രിന്റർ എന്നിവ വാങ്ങുന്നതിനുള്ള പ്രോജക്റ്റിന് മുൻകൂറായി 109710 രൂപ കെൽട്രോണിന് നല്കി. ഇതിൽ 80258 രൂപയുടെ 2 കമ്പ്യൂട്ടറുകൾ ലഭിച്ചു. എന്നാൽ ബാക്കി തുകയുടെ 2 പ്രിന്ററുകൾ ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. 11/2019 ൽ മുൻകൂറായി തുക നല്കിയെങ്കിലും കെൽട്രോൺ 2/21 ന് മാത്രമാണ് 2 കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്തത്. 2 പ്രിന്ററുകൾ നാളിതുവരെ (ഓഡിറ്റ് നടക്കുന്ന 8/21 വരെയും) സപ്ലൈ ചെയ്തിട്ടില്ല. കരാർ വയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ നല്കിയതിനാൽ സമയബന്ധിതമായി സപ്ലൈ നടത്തുന്നതിന് കെൽട്രോണിനെ നിർബന്ധിതമാക്കാൻ കഴിയുന്നില്ല. കെൽട്രോൺ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

2. കെൽട്രോണിന് മുൻകൂറായി തുക നല്കിയെങ്കിലും “410710104 –Movable Assets - Furniture, Fixtures, Fittings” എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തത്. ഉചിതമായ "4.....Advance ..." ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നത്. തെറ്റായി ബുക്ക് ചെയ്തതിനാൽ 31.03.20 ലെ ബാലൻസ്ഷീറ്റിൽ ലഭിക്കാത്ത ആസ്തി ലഭിച്ചതായി രേഖപ്പെടുത്തുന്നതിനും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ആസ്തി ലഭിക്കുന്നത് നിരീക്ഷിക്കുന്നതിനും സാധിക്കാതെ വന്നു.

3. പ്രിന്ററുകൾ ലഭിക്കുന്നത് വരെ ആയതിന്റെ വില 29452 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രിന്ററുകൾ ലഭിക്കുന്നതു വരെ ഈ തുക “410710104 –Movable Assets - Furniture, Fixtures, Fittings” എന്ന ശീർഷകത്തിൽ നിന്നും മാറ്റേണ്ടതും (Credit) ഉചിതമായ "4.....Advance ..." ശീർഷകത്തിൽ ചേർക്കേണ്ടതും (Debit) മുൻകൂർ രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

## 1-47 ഗ്രൗണ്ട് വാട്ടർ അതോറിറ്റി - ജി എസ് ടി കോമ്പൻസേഷൻ 22,806 രൂപ ഈടാക്കി കരാറുകാരന് നല്കി - കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | വിവരണം |
|---|---|---|---|---|
| 223/20 വെഴക്കാട്ടുക്കര കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 21901634 | 27/3/20 | 1,93,928 | DGT/1855/18 തീ 5/9/19 നമ്പർ പ്രകാരം ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ആദ്യം ഡെപ്പോസിറ്റ് ചെയ്ത തുകയായ 5,00,000 രൂപക്ക് പുറമെ ബാക്കി ചെലവ് വന്ന 1,93,928 രൂപ അടവാക്കാൻ നിർദ്ദേശിക്കുകയും തുക |

| | | | | |
|---|---|---|---|---|
| | | | | പഞ്ചായത്ത് അടക്കുകയും ചെയ്തു. അത് പ്രകാരം അടവാക്കിയ തുക |

ഗ്രൗണ്ട് വാട്ടർ അതോറിറ്റി ഹാജരാക്കിയ ഫൈനൽ ബിൽ തുകയിൽ (693928 രൂപ) 3.5% GST Compensation കരാറുകാരന് അനുവദിച്ച ഇനത്തിലുള്ള 22806 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ GST Compensation അനുവദിച്ച സ.ഉ (ആർ ടി) 87/17 തീ 1.11.17 ത.സ്വ.ഭ.വ പ്രകാരം ഈ പ്രവൃത്തി GST Compensation അനുവദിക്കേണ്ട പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഇത് സംബന്ധിച്ച് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും വ്യക്തത വരുത്തേണ്ടതും കൂടുതലായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ലഭ്യമാക്കേണ്ടതാണ്/ ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-48 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 325299രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായി നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ.നം. | പ്രോജക്ട് | വൌച്ചർ | തീയ്യതി | തുക | ഓഡിറ്റ് പരാമർശം |
|---|---|---|---|---|---|
| 1 | 155/20 തെരുവുവിളക്ക് പരിപാലനവും സാമഗ്രികൾ വാങ്ങലും | 21901349 | 20/12/2019 | 111104 | 111104 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2 | 3/20 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് | തനത് ഫണ്ട് - ചെക്ക് വിവരങ്ങൾ ലഭ്യമല്ല. | | 134195 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | 208/20 ക്യാൻ തൃശ്ശൂർ വിഹിതം നല്കൽ | തനത് ഫണ്ട് - ചെക്ക് വിവരങ്ങൾ ലഭ്യമല്ല. | | 80,000 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| | ആകെ | | | 325299 | |

ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 325299 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-49 ലൈഫ് വായ്പ പദ്ധതി - ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി.

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്ട് | ചെലവ് വിവരങ്ങൾ | തുക |
|---|---|---|
| 225/20 സമ്പൂർണഭവന വായ്പ പദ്ധതി (ലൈഫ് മിഷൻ) വായ്പ തിരിച്ചടവ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്ട്. വികസനഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തത്. 41900271 തീ 31/3/20 | 36,764 |

ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല (2017-18 മുതൽ 2019-20 വരെ). എസ് സി പി പ്രോജക്ടിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ് സി പി ഇനത്തിൽ നിന്ന് വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-50 പാലിയേറ്റീവ് കെയർ 7296 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - അസിസ്റ്റന്റ് സർജ്ജൻ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| പ്രോജക്ട് | വൌച്ചർ നമ്പർ/ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 33/20 – ഗൃഹ കേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം. | 11 | 06/02/2020 | 266632 |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ മേൽ പ്രകാരം 266632 രൂപ നൽകി. ഇതിൽ 259336 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. 7296 രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുള്ളതായി ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 13 തീ 13/8/2021 ന് മറുപടി നല്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന വരെ ചെലവ് തുക 7296 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് സമിതികൾക്ക് കൈമാറിയ തുകയ്ക്ക് ചെലവ്

രേഖകൾ ലഭ്യമാക്കിയില്ല.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുക കൈമാറിയതായി കാണുന്നു. വിവിധ വാർഡ് മെമ്പർമാരുടെ ലെറ്റർ പാഡിലുള്ള അപേക്ഷ പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്.

വൗച്ചർ നം : 21900221/14.06.19 തുക 135000

(ചെക്ക് നം : 819188/14.6.19)

വൗച്ചർ നം : 21900222/14.06.19 തുക 30000

(ചെക്ക് നം : 819188/14.6.19)

വൗച്ചർ നം : 21900246/20.06.19 തുക 30000

(ചെക്ക് നം : 819196/20.6.19)

വൗച്ചർ നം : 21900327/19.07.19 തുക 60000

(ചെക്ക് നം : 819726/19.7.19)

17 വാർഡുകളിലെ വാർഡ് ലെവൽ സാനിറ്റേഷൻ കമ്മിറ്റി കൺവീനർമാരുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ശുചിത്വ മിഷൻ ഫണ്ട് ചെലവിന്റെ വൗച്ചറുകളും പ്രവർത്തന റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവു തുക 255000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 27/18.7.2021)

## 1-52 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത).

പദ്ധതി നം : 113/20

അടങ്കൽ : 1250000

ചെലവ് : 1250000

2019-20 സാമ്പത്തിക വർഷത്തിൽ വനിതകൾക്കായുള്ള പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 312500 രൂപ എസ് എൽ ബി പി യ്ക്ക് മേൽ നം. ബിൽ പ്രകാരം നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ജിജി മോൾ, അണലിപ്പറമ്പിൽ എന്ന ഗുണഭോക്താവ് 20.11.20 മുതൽ കാലിത്തീറ്റ വാങ്ങുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 17/16.8.2021 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ പശുകുട്ടികൾ മരണപ്പെടുകയും ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പങ്കാളിയായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരങ്ങളും ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-53 എ ബി സി പ്രോഗ്രാമിന് തുക നല്കൽ.

പദ്ധതി നം. : 52/20

അടങ്കൽ : 210000

ചെലവ് : 210000

2019-20 സാമ്പത്തിക വർഷത്തിൽ എ ബി സി പ്രോഗ്രാമിന് തുക നല്കൽ പദ്ധതിയ്ക്കായി 210000 രൂപ ചെലവഴിച്ചിട്ടുണ്ട്. 8.8.2019 ലെ 1199/സി/16 കെ എസ് ടി എസ് ആർ നം. കത്ത് പ്രകാരം കുടുംബശ്രീ മിഷൻ കോർഡിനേറ്റർ, തൃശ്ശൂർ ആവശ്യപ്പെട്ടതനുസരിച്ച് 26.8.2019 ന് 210000 രൂപ കെമാറിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിന്റ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം (തൻ വർഷ ചെലവുകൾ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | ലൈഫ് മിഷൻ - മൂന്നാം ഘട്ടം - ഭൂരഹിതഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ - എസ്.സി | 0 | 1000000 |
| | 2019-20 | 810000 | ലൈഫ് മിഷൻ പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം - ജനറൽ | 411390 | 398610 |
| | 2019-20 | 700000 | ഭവനം വാസയോഗ്യമാക്കൽ (എസ്.സി.പി) | 0 | 700000 |
| | 2019-20 | 516000 | ലൈഫ് മിഷൻ - മൂന്നാം ഘട്ടം - ഭൂരഹിതഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ - എസ്.സി | 0 | 516000 |
| | 2019-20 | 500000 | തറയിലക്കാട് പാറെക്കാട്ടുകര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 0 | 500000 |
| | 2019-20 | 400000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 400000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 400000 | 0 |
| | 2019-20 | 400000 | അഗതിരഹിതകേരളം - ഭവന നിർമ്മാണം - (എസ്.സി) | 0 | 400000 |
| | 2019-20 | 400000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 400000 | 0 |
| | 2019-20 | 400000 | വെർട്ടിക്കൽ പമ്പ്സെറ്റ് തുക കൈമാറൽ (ഗ്രാമശ്രീ കോൾപടവ്) | 0 | 400000 |
| | 2019-20 | 400000 | കിണർ റീചാർജിംഗ് | 0 | 400000 |
| | 2019-20 | 300000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | 2019-20 | 200000 | വൃദ്ധജനങ്ങൾക്ക് കട്ടിൽ | 200000 | 0 |
| | 2019-20 | 200000 | ആശ്രയ ഭവനനിർമ്മാണം - ജനറൽ (അഗതിരഹിതകേരളം) | 100000 | 100000 |
| | 2019-20 | 200000 | ആശ്രയ ഭവനം വാസയോഗ്യമാക്കൽ (എസ്.സി) അഗതിരഹിതകേരളം | 0 | 200000 |
| | 2019-20 | 197120 | ലൈഫ് മിഷൻ പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം | 6800 | 190320 |
| | 2019-20 | 172500 | യു.എം.എൽ.പി സ്കൂളിൽ ബയോഗ്യാസ് പ്ലാന്റ് | 129374 | 43126 |

| | | | | |
|---|---|---|---|---|
| | | സ്ഥാപിക്കൽ | | |
| 2019-20 | 100000 | ഉറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (ജനറൽ) | 22000 | 78000 |
| 2019-20 | 1250000 | ലൈഫ് മിഷൻ പദ്ധതി- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം (ജനറൽ) | 460000 | 790000 |
| 2019-20 | 1000000 | തറയിലക്കാട് പാറെക്കാട്ടുകര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 0 | 1000000 |
| 2019-20 | 708367 | ലൈഫ് മിഷൻ -മൂന്നാം ഘട്ടം - ഭൂരഹിതഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ - ജനറൽ | 0 | 708367 |
| 2019-20 | 600000 | കിണർ റീചാർജിംഗ് | 0 | 600000 |
| 2019-20 | 500000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 0 | 500000 |
| 2019-20 | 500000 | മുരിയാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | 0 | 500000 |
| 2019-20 | 400000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 400000 | 0 |
| 2019-20 | 400000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 4032 | 395968 |
| 2019-20 | 400000 | അഗതിരഹിതകേരളം - ഭവനനിർമ്മാണം (എസ്.സി) | 0 | 400000 |
| 2019-20 | 350000 | ശാരീരിക വെല്ലുവിളി ഉള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ | 0 | 350000 |
| 2019-20 | 300000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 300000 | 0 |
| 2019-20 | 200000 | ആശ്രയ ഭവനനിർമ്മാണം - ജനറൽ (അഗതിരഹിതകേരളം) | 0 | 200000 |
| 2019-20 | 125000 | കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ കുട്ടികൾക്കുള്ള മെയിന്റനൻസ് തുക | 125000 | 0 |
| 2019-20 | 100000 | ആശ്രയ ഭവനം വാസയോഗ്യമാക്കൽ (എസ്.സി) | 0 | 100000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻ വർഷ ചെലവുകൾ)

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ | 41900038/11.06.2019 | 1411386 | 1411386 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ നീട്ടൽ | | | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ളപ്പൈപ്പ് ലൈൻ നീട്ടൽ | 21900686/09.10.2019 | 400000 | 400000 |
| ഭൂജലവകുപ്പ് | മൂർത്തിപ്പറമ്പ് മിനി കുടിവെള്ളപദ്ധതി വാർഡ്1 | 21901388 | 550000 | 550000 |
| ഭൂജലവകുപ്പ് | തറയിലക്കാട് മിനി കുടിവെള്ളപദ്ധതി-വാർഡ് 3 | 21901325 | 410000 | 410000 |
| ഭൂജലവകുപ്പ് | കാട്ടുപറമ്പ് മിനി കുടിവെള്ളപദ്ധതി-വാർഡ് 4 | 21901323 | 570000 | 570000 |
| ഭൂജലവകുപ്പ് | വേഴേക്കാട്ടുകര കുടിവെള്ളപദ്ധതി എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 21901634 | 193928 | 193928 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | | 5920000 | 3979630 (2019 -20 ൽ 1940370 രൂപ കൂടി വായ്പ എടുത്തു) | 352941 | 0 | 5567059 |

## 4-5 സ്ഥിര നിക്ഷേപം.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം ബാലൻസ് ഷീറ്റ് പ്രകാരം 4500 രൂപയുടെ സ്ഥിര നിക്ഷേപം കണക്കാക്കിയിട്ടുണ്ടെങ്കിലും രേഖകൾ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഖ. 1 -34 കാണുക) | |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2.2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,39,63,143 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,09,16,243 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,55,581 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-43 | 4,00,000 | ശ്രീ പ്രജീഷ് പി, സെക്രട്ടറി |
| 1-44 | 2,68,534 | ശ്രീ പ്രജീഷ് പി, സെക്രട്ടറി |
| 1-45 | 5,70,000 | ശ്രീ പ്രജീഷ് പി, സെക്രട്ടറി |
| 1-46 | 29,452 | ശ്രീ പ്രജീഷ് പി, സെക്രട്ടറി |
| 1-48 | 3,25,299 | ശ്രീ പ്രജീഷ് പി, സെക്രട്ടറി |
| 1-50 | 7,296 | ഡോ ദീപ പി ഡി, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-51 | 2,55,000 | ശ്രീ. പ്രജീഷ് പി, സെക്രട്ടറി |
| ആകെ | 18,55,581 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രജീഷ് പി, സെക്രട്ടറി | സെക്രട്ടറി, മുരിയാട് ഗ്രാമപഞ്ചായത്ത് | പരിയാടത്ത് വീട്, നടവരമ്പ് പി.ഒ. |
| ഡോ ദീപ പി.ഡി, മെഡിക്കൽ ഓഫീസർ, പി എച്ച് സി | സൂപ്രണ്ട്, പിഎച്ച്സി മുരിയാട് | തുള്ളക്കാരൻ വീട്, പുതുക്കാട് പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95<br>1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 96-97 | |
| 97-98 | |
| 98-99 | |
| 99-00 | |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി7-1734/16 തി.22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ പി7-1644/17 തി.24.11.17/7.02.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ പി7-445/19 തി.03.04.2019 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ പി7-445/19 തി.03.04.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്